Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

12.9.2016

All Kerala Press Release
*Ref: 549/KCBC/K-6/KPR/DS*

# ലാളിത്യത്തോടെ ഓണം ആഘോഷിക്കണം: കെസിബിസി

കൊച്ചി: എല്ലാ മലയാളികൾക്കും സമാധാനത്തിന്റെയും സമൃദ്ധിയുടെയും ഐശ്വര്യത്തിന്റെയും ഈശ്വരാനുഗ്രഹത്തിന്റെയും ഓണം കേരള കത്തോലിക്കാ മെത്രാൻ സമിതി ആശംസിച്ചു. ധൂർത്തും ആർഭാടവുമില്ലാതെ ലളിതമായി ഓണം ആഘോഷിക്കാൻ സാധിക്കണമെന്ന് കെസിബിസി അഭ്യർത്ഥിച്ചു. കാർഷിക സമൃദ്ധിയുടെ ആഘോഷമായ ഓണം ഇന്ന് നമുക്ക് അന്യമായിക്കൊണ്ടിരിക്കുന്ന ഒരുസംസ്കൃതിയെ അനുസ്മരിപ്പിക്കുന്നു. കൃഷി ജീവിതരീതിയായിരുന്ന കേരളത്തിലെ ജനങ്ങൾ പച്ചക്കറിയ്ക്കും ധാന്യങ്ങൾക്കുമെല്ലാം മറ്റു സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കാർഷിക മേഖല വല്ലാത്ത തളർച്ചയെ നേരിടുന്നു. ആരോഗ്യപൂർണമായ ഒരു ജീവിതത്തിന് നമ്മുടെ കാർഷിക സംസ്കാരം കൈവിട്ടുകളയാതിരിക്കാൻ ശ്രദ്ധയുണ്ടാകണം. പറമ്പിൽ പൂവും തളിരും കായ്കനികളും മനസ്സിൽ നന്മയും പച്ചപിടിച്ചു വളരുന്നിടത്താണ് ഓണം മലയാളിത്തനിമയുടെ ആഘോഷമാകുന്നത്. സാഹോദര്യവും ഐക്യവും ദേശസ്നേഹവും പങ്കുവയ്ക്കാനും വളർത്താനും ഓണാഘോഷങ്ങളിലൂടെ സാധിക്കട്ടെയെന്ന് കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് കാതോലിക്കബാവ, വൈസ് പ്രസിഡന്റ് ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം, സെക്രട്ടറി ജനറൽ ബിഷപ്പ് ജോസഫ് കരിയിൽ എന്നിവർ സംയുക്തമായി ആശംസിച്ചു.

**റവ. ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

PRESIDENT
CARDINAL BASELIOS CLEEMIS

VICE-PRESIDENT
MAR JOSEPH PERUMTHOTTAM

SECRETARY GENERAL
BISHOP JOSEPH KARIYIL

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT